**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2213** **03-03-2025 - ൽ മറുപടിയ്ക്ക്**

**സഞ്ചരിക്കുന്ന റേഷൻകട**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വന മേഖലയിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ ചൂഷണത്തിന് വിധേയമാകാതെ അവരുടെ താമസസ്ഥലങ്ങളിൽ നേരിട്ട് എത്തിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി". നിലവിൽ 10 ജില്ലകളിലായി 21 താലൂക്കുകളിൽ 137 ആദിവാസി ഉന്നതികളിൽ 64 റേഷൻ കടകൾ സഞ്ചരിക്കുന്ന റേഷൻകടകളാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിലെ ആദിവാസി കുടുംബങ്ങൾക്ക് എല്ലാ മാസവും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ എത്തിച്ച് നൽകുന്നു. ഇതുമൂലം ഒറ്റപ്പെട്ട മേഖലകളിൽ താമസിക്കുന്ന ഗോത്രവർഗക്കാർക്ക് ദുർഘടമായ പാതയിലൂടെ കിലോമീറ്ററുകളോളം സഞ്ചരിച്ച് റേഷൻ കടകളിൽ എത്തി റേഷൻ വാങ്ങുന്ന ബുദ്ധിമുട്ട് ഒഴിവാകുകയും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനും സാധിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം നിലവിൽ എവിടെയൊക്കെയാണ് ലഭ്യമാകുന്നതെന്നും എത്ര വാഹനങ്ങളിലാണ് റേഷൻ വിതരണം ചെയ്യുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം , കോഴിക്കോട്, കണ്ണൂർ, വയനാട്, തൃശ്ശൂർ ജില്ലകളിലെ 21 താലൂക്കുകളിലായി 137 ആദിവാസി ഉന്നതികളിൽ 64 റേഷൻ കടകളിൽ നിന്നും 43 വാഹനങ്ങളിലാണ് റേഷൻ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നത്. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | ജില്ലാ സപ്ലൈ ആഫീസർമാരിൽ നിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ ആദിവാസി ഉന്നതികളിലേക്ക് പദ്ധതി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂടുതൽ പട്ടികജാതി പട്ടികവർഗ മേഖലകളിലേക്ക് |

| | | | |
|---|---|---|---|
| | | | സഞ്ചരിക്കുന്ന റേഷൻകട പദ്ധതി വ്യാപിപ്പിക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ